**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1401

03.12.2018- ൽ
മറുപടിയ്ക്ക്

## സ്ഥലം കയ്യേറിയതിനെതിരെ നടപടി

| ചോദ്യം<br>**ശ്രീ.എ. പ്രദീപ്കുമാർ** | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| കോഴിക്കോട് നഗരത്തിലെ കനോലി കനാലിന്റെ തീരത്ത് സ്വകാര്യ വ്യക്തികൾ കയ്യേറിയ സ്ഥലങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | കോഴിക്കോട് നഗരത്തിലെ കനോലി കനാലിനോട് ചേർന്നുള്ള സർക്കാർ ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തി അതിർത്തിക്കല്ല് പുന:സ്ഥാപിക്കുന്നതിനും സർവ്വെ സ്കെച്ച് തയ്യാറാക്കുന്നതിനുമായി മൂന്ന് ലക്ഷം രൂപ ജലസേചന വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. കനോലി കനാലിന്റെ അതിർത്തി കോഴിക്കോട് താലൂക്ക് സ്പെഷ്യൽ സർവ്വെയർ സർവ്വെ ചെയ്യുകയും 32.5 സെന്റ് കയ്യേറ്റം ഉള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു. കയ്യേറ്റം തിട്ടപ്പെടുത്തി അതിന്റെ സ്കെച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കനാലിന്റെ ചുമതലയുള്ള ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ട്. |

Indu.S.S

**സെക്ഷൻ ഓഫീസർ**